പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 1884 — 12.02.2013 - ലെ മറുപടിക്ക്

## ബാങ്കുകളുടെ നിക്ഷേപ വായ്പ അനുപാതം

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീമതി. അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യു
ഡോ. കെ. ടി. ജലീൽ

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

(എ) ബാങ്കുകളുടെ നിക്ഷേപ വായ്പ അനുപാതം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെയും ഈ വർഷം ഇതേ വരെയുള്ള ബാങ്കുകളുടെ നിക്ഷേപ - വായ്പ അനുപാതം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ ; വിശദമാക്കുമോ ; എൻ.ആർ.ഐ. അക്കൗണ്ടുകളിലൂടെ സംസ്ഥാനത്തെ ബാങ്കുകൾ കരസ്ഥമാക്കിയ നിക്ഷേപങ്ങൾ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ;

(ബി) കേരളത്തിലെ ബാങ്കുകളുടെ നിക്ഷേപ വായ്പ അനുപാത കണക്കും NRI നിക്ഷേപങ്ങളുടെ കണക്കും ചുവടെ ചേർക്കുന്നു.

| | MAR 2010 | MAR 2011 | MAR 2012 | SEPT 2012 |
|---|---|---|---|---|
| വായ്പ നിക്ഷേപ തോത് | 67.63 | 75.50 | 75.57 | 74.39 |
| NRI നിക്ഷേപം (രൂപ കോടിയിൽ) | 36886 | 37690 | 48454 | 58150 |

| | | | |
|---|---|---|---|
| (സി) | ഇന്ത്യൻ ബാങ്കുകളിൽ വിദേശ കുത്തകകൾക്ക് ഓഹരി കരസ്ഥമാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയതിലൂടെ സംസ്ഥാന സമ്പദ് ഘടനയുടെയും നിക്ഷേപങ്ങളുടെയും താല്പര്യങ്ങൾ ഹനിക്കപ്പെടാൻ പോവുകയാണെന്നത് പരിഗണിച്ചിട്ടുണ്ടോ ; | (സി) | ഈ ആശങ്കയ്ക്ക് അടിസ്ഥാനമുള്ളതായി സർക്കാർ കരുതുന്നില്ല. എങ്കിലും സംസ്ഥാന സമ്പദ് ഘടനയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് വായ്പ നൽകാൻ ബാങ്കുകൾ കാണിക്കുന്ന വിമുഖതയെക്കുറിച്ച് അറിയുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ